വചനവിചിന്തനം - 2010 മാർച്ച് 14, ഞായർ

യോഹന്നാൻ 8: 12-20

''ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു..... ''

കൂടാരത്തിരുന്നാളിന്റെ ദിനങ്ങളിൽ ജറുസലേം ദേവാലയത്തിലെത്തുന്ന യഹൂദർ അരളിമരത്തിന്റെയും, ഈന്തപ്പനയോലകളുടെയും ശാഖകൾക്കൊണ്ട് താൽക്കാലിക കൂടാരങ്ങളുണ്ടാക്കി താമസിച്ചിരുന്നു. പാപപ്പരിഹാരദിനാചരണത്തിനു ശേഷമാണ് കൂടാരത്തിരുന്നാൾ. മരുഭൂമിയാത്രയിലെ കൂടാരവാസത്തെ ഓർമ്മിക്കലാണ് കൂടാരവാസം. ഒടുവിൽ കൂടാരക്കമ്പുകൾ കൂട്ടി ആഴി ഒരുക്കുമ്പോൾ ഉയരുന്ന പ്രകാശത്തിന്റെ പശ്ചാത്തലത്തിലാണ് ക്രിസ്തുവിന്റെ പ്രഖ്യാപനം - ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു.

''പ്രകാശത്തിന്റെ'' ദൈവശാസ്ത്ര ചിന്തകളിലൂടെയും താർക്കിക വിചാരങ്ങളിലൂടെയും ക്രിസ്തുമൊഴിയുടെ അർത്ഥതലങ്ങൾ വായിച്ചെടുക്കേണ്ടതുണ്ട്.

''എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുകയില്ല''. എന്ന വചനത്തിന്റെ രണ്ടാം ഭാഗമാണ് ദൈവശാസ്ത്ര ദർശനങ്ങളുടെ അടിസ്ഥാനം. ഈ പ്രസ്താവനയുടെ പഴയനിയമ വായന ഉല്പ. 17:1 ദൈവം അബ്രാഹത്തോട് പറയുന്നതാണ്. Walk before me and be blameless. എന്റെ മുമ്പിൽ വ്യാപരിക്കുക ; കുറ്റമറ്റവനായിരിക്കുക! ദൈവസാന്നിദ്ധ്യത്തിൽ ചുവടുവയ്ക്കുക എന്നതാണ് അനുഗമിക്കൽ എന്ന സർഗ്ഗക്രിയ. ക്രിസ്തുവാകണം നിന്റെ വഴികളെ പ്രകാശപൂരിതമാക്കേണ്ടത്. അതുകൊണ്ടാണ് ശിഷ്യരെ വിളിക്കുമ്പോൾ അവരുടെ ഭാഗധേയം അവൻ ഇങ്ങനെ കുറിക്കുന്നത്. Mk. 3:13-14, They are called to be with him. അവന്റെ കൂടെയായിരിക്കാൻ. ആദവും ഹവ്വയും ദൈവത്തിന്റെ കൂടെ നടന്നപ്പോൾ കുറ്റമറ്റവരായി. ചുവടുമാറ്റിച്ചവിട്ടിയത് അന്ധകാരത്തിലേക്കും പാപത്തിലേയ്ക്കുമായിരുന്നു. കൂടെ നടക്കാൻ വിളിച്ച ശിഷ്യനും കൂട്ടം തെറ്റി. ''അകലെക്കൂടി അവനെ അനുഗമിച്ചു'' എന്നാണ് പത്രോസിനെപ്പറ്റി യോഹന്നാന്റെ വിവരണം. യേശു പ്രത്തോറിയത്തിൽ മുൾമുടിയുമായിനിന്ന് വിചാരണ ചെയ്യപ്പെടുമ്പോളാണിത്. പക്ഷെ അകലെക്കൂടി ചുവടുവച്ചവന് പിഴച്ചു.- അവനെ ഞാൻ അറിയില്ല എന്ന തള്ളിപ്പറച്ചിലിൽ തന്റെ പ്രകാശത്തിൽ വ്യാപരിക്കാൻ വിളിച്ചിട്ട് ഒരാൾ അന്ധകാരത്തിലേയ്ക്ക് മിഴിയെറിഞ്ഞ് അവനുവേണ്ടി വിലപറഞ്ഞത് മറ്റൊരു ദുരന്തം. അനുഗമിക്കാൻ പരാജയപ്പെട്ടവരൊക്കെ അവന്റെ വെളിച്ചത്തിൽനിന്നും വഴിതെറ്റി പിഴച്ചവർ.

ക്രിസ്തു വെളിച്ചമാണ്. അനുഗമിക്കുന്നവരൊക്കെ ആ വെളിച്ചത്തിൽ വ്യാപരിച്ച് കുറ്റമറ്റവരായിത്തീരും. പക്ഷെ തടസ്സമാകുന്നത് എന്താണ്? ചിലർക്കത് വള്ളവും വലയുമാണ്. ചിലർക്ക് സ്വത്താണ്. ചിലർക്കത് ബന്ധങ്ങളാണ്. അതായത് അനുഗമിക്കലിലെ വേദന ഒരു ഉപേക്ഷയുടേതാണ് (Renouncement) ത്യജിക്കലിന്റേതാണ്. പ്രായോഗിക ജീവിതത്തിൽ അത് അന്ധകാരത്തിന്റെ പ്രവൃത്തികളെ പരിത്യജിക്കലാണ്. ജഡമോഹങ്ങൾ നിങ്ങളുടെ മർത്യശരീരത്തെ കീഴ്പ്പെടുത്താൻ തക്കവിധം നിങ്ങൾ അന്ധകാരത്തിന്റെ സന്തതികളല്ല എന്ന് അപ്പസ്തോലൻ സെന്റ് പോൾ.

വെളിച്ചത്തിന്റെ താർക്കിക ചിന്തകൾ ക്രിസ്തു എന്ന ഉൾവെളിച്ചത്തിലൂടെ മറ്റുള്ളവരെ കാണുക എന്നതാണ്. ഗുരു ശിഷ്യന്മാരോട് ചോദിക്കുന്നത് വളരെ ലളിതമായ ചോദ്യമാണ് ''എപ്പോഴാണ് ഇരുട്ടു മാറി പ്രകാശമാകുന്നത്?'' യുക്തിവിചാരങ്ങളുടെ വ്യാപ്തിയനുസരിച്ച് ശിഷ്യരുടെ പ്രതികരണം; അകലെ കാണുന്ന മൃഗങ്ങളിൽ ആട് ആണോ പശുവാണോ എന്നു തിരിച്ചറിയാനായാൽ വെളിച്ചമായി. അകലെ കാണുന്ന മരം ആൽമരമാണോ അരളിയാണോ എന്ന് തിരിച്ചറിയാനായാൽ പ്രഭാതമായി, വെളിച്ചമായി. ഗുരു തിരുത്തി – അകലെ കാണുന്ന മനുഷ്യൻ നിന്റെ സഹോദരനാണെന്ന് തിരിച്ചറിയാനായാൽ വെളിച്ചമുണ്ടായി. പ്രകാശം നമുക്കു തിരിച്ചറിവ് തരണം. ക്രിസ്തുവിന്റെ കണ്ണിൽ കണ്ടതുപോലെ മറ്റുള്ളവരെ കാണാനുള്ള ഉൾവെട്ടം. കല്ലെറിയാൻ കൊണ്ടുവന്നവൾക്ക് വിചാരണയില്ലാതെ മോചനം കൊടുക്കുന്ന മനസ്സ്, കുഞ്ഞ് നഷ്ടപ്പെട്ട അമ്മയുടെ നൊമ്പരം അലിവായി പടരുന്ന സൗഖ്യം, പിന്നെ അനുകമ്പയുണരുന്ന മനസ്സിൽ വിശക്കുന്നവന്റെ ഉൾപിടച്ചിൽ കണ്ട് പങ്കുവയ്ക്കാൻ നിർബന്ധിക്കുന്ന സ്നേഹം. ഇതൊക്കെയാണ് വെളിച്ചത്തിൽ വ്യാപരിക്കുന്നവന്റെ സുകൃതം. സ്വന്തം ഭർത്താവിനെ കൊന്ന ക്രൂരനായ ഘാതകനോട് കോടതിമുറിയിലെ വിചാരണയ്ക്കൊടുവിൽ അവനും നൊമ്പരപ്പെട്ട് പ്രാർത്ഥിക്കുന്ന ഒരമ്മയില്ലേ, ആ അമ്മയ്ക്കുവേണ്ടി അവനെ വെറുതെ വിട്ടേയ്ക്കൂ എന്നു പറയുന്ന ഒരു കൂലിപ്പണിക്കാരി സ്ത്രി... ക്രിസ്തുവിന്റെ വെളിച്ചത്തിൽ മറ്റുള്ളവരെ കാണാനാകുമോ? എന്നതാണ് അനുഗമിക്കാൻ വിളിക്കപ്പെടുന്നവരുടെ വെല്ലുവിളി.

ഫാ.അലക്സ് വേലച്ചേരിൽ.